പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 527 02.07.2014-ൽ മറുപടിക്ക്

## ഏർളി ഇന്റർവെൻഷൻ സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് :<br>,, വി. എസ്. സുനിൽ കുമാർ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യകിരണം പദ്ധതിയുടെ ഭാഗമായി ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം എത്ര സെന്ററുകളാണ് ആരംഭിക്കുന്നത് ; ഈ സെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) ആരോഗ്യകിരണം പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും താൽക്കാലിക ഏർളി ഇന്റർവെൻഷൻ സെന്ററുകൾ (ഡി.ഇ.ഐ.സി) ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും തുടക്കം കുറിച്ചിട്ടുണ്ട്. സ്ഥിര ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നതാണ്. ഇതിലേയ്ക്കായി എല്ലാ ജില്ലകളിലും 30 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.<br>എല്ലാ ഏർളി ഇന്റർവെൻഷൻ സെന്ററുകളിലും ശിശുരോഗ വിദഗ്ധൻ, മെഡിക്കൽ ഓഫീസർ, ദന്തൽ സർജൻ, ഫിസിയോതെറാപ്പിസ്റ്റ്, ദന്തൽ ഹൈജീനിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഏർളി ഇന്റർവെൻഷനിസ്റ്റ് തുടങ്ങിയ സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. ഇത്തരം സെന്ററുകളിൽ പ്രധാനമായും 18 വയസ്സിന് താഴെ പ്രായമുള്ള, വളർച്ചയിലും വികാസത്തിലും കാലതാമസവും, പ്രശ്നങ്ങളും ഉള്ളവരെ കാലേക്കൂട്ടി കണ്ടെത്താനും അവ പരിഹരിക്കാനും സമഗ്രവും, നൂതനവുമായ ചികിത്സകളും പ്രത്യേക തെറാപ്പികളും മേൽപ്പറഞ്ഞ സ്പെഷ്യലിസ്റ്റുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നു. ഇത്തരത്തിൽ 2014 ഏപ്രിൽ മാസം 2993 കുട്ടികൾക്കും, മെയ് മാസം 5880 കുട്ടികൾക്കും ഏർളി ഇന്റർവെൻഷൻ സെന്ററുകളുടെ സേവനം ലഭ്യമായി. |

(.....2)

| | | | |
|---|---|---|---|
| (ബി) | ആരോഗ്യകിരണം പദ്ധതിയുടെ ഗുണഭോക്താക്കൾ ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്നവരാണെന്ന് വ്യക്തമാക്കുമോ ; | (ബി) | 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികളും ആരോഗ്യ കിരണം പദ്ധതിയുടെ ഗുണഭോക്താക്കളാണ്. എന്നാൽ ആദായ നികുതിദായകർ, സർക്കാർ ഉദ്യോഗസ്ഥരുടെ മക്കൾ തുടങ്ങിയവർക്ക് പദ്ധതി യുടെ ഗുണം ലഭിക്കുന്നില്ല. |
| (സി) | ഈ പദ്ധതിയുടെ കീഴിൽ സൗജന്യ മരുന്ന് വിതരണം ഉണ്ടോ ; ഉണ്ടെങ്കിൽ എത്രയിനം മരുന്നുകളാണ് വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ ? | (സി) | സർക്കാർ ആശുപത്രികളിൽ നിന്നും മരുന്നുകൾ സൗജന്യമായി പൊതുവായി എല്ലാ രോഗികൾക്കും ലഭ്യമാണ്. ആരോഗ്യകിരണം പദ്ധതി വഴി എല്ലാ രോഗങ്ങൾക്കും വൈദ്യശാസ്ത്ര പ്രകാരം ആവശ്യമായ എല്ലാ മരുന്നുകളും സൗജന്യമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ എംപാനൽ ചെയ്ത നീതി, കാരുണ്യ എന്നീ ഫാർമസികളിൽ നിന്നും, മറ്റ് സ്വകാര്യ ഫാർമസികൾ വഴിയും കുട്ടികൾക്ക് സൗജന്യമായി ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ